(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 39 മുതൽ 42 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. എം. ദിനേശ് മണി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ മുപ്പത്തി ഒൻപത് മുതൽ നാൽപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

(5) പരിസ്ഥിതി സമിതിയുടെ ഒമ്പത് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. രാജാജി മാത്യു തോമസ് : സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒൻപത് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

(6) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(7) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി..... സഭയിൽ വയ്ക്കാമെന്ന് പറഞ്ഞിരുന്നു.

(8) പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട ഫയൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിന് ഉത്തരമായി പാമോലിൻ ഇടപാട് ഇറക്കുമതി സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ നോട്ട് ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞിരുന്നു. ഇന്നലെ ബഹളംമൂലം അതിന് കഴിഞ്ഞില്ല. ഞാൻ ഇതുസംബന്ധിച്ച നോട്ട് ഫയൽ മേശപ്പുറത്തു വയ്ക്കുന്നു.

VII ക്രമപ്രശ്നം

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, പന്ത്രണ്ടാം കേരള നിയമസഭയുടെ 14, 15, 16 സമ്മേളനങ്ങളിലെ ഒട്ടേറെ ചോദ്യങ്ങൾക്കും ഉത്തരം നൽകുകയുണ്ടായില്ല. പല മന്ത്രിമാരും വളരെയേറെ അനാസ്ഥ കാണിച്ചിട്ടുണ്ട്. ഉത്തരം നൽകാത്തതിൽ ഏറ്റവും മുന്നിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമാണ്. കൃത്യമായ ഉത്തരം നൽകിയതിന് നമ്മുടെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഉത്തരങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വരുന്നതു കൊണ്ട് ചട്ടങ്ങൾ കുറേക്കൂടി കർശനമാക്കിയിരുന്നു. അങ്ങ് ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 2010 ഏപ്രിൽ മാസത്തിലാണ് ഒരു നോട്ടിഫിക്കേഷൻ വന്നത്. നിയമസഭാ ചോദ്യത്തിന്റെ മറുപടി പറയുന്നതിനായി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന്റെ തലേന്ന് 6 മണിക്ക് നിയമസഭാ സെക്രട്ടേറിയറ്റിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താൽക്കാലിക മറുപടിയാണ് നൽകുന്നതെങ്കിൽ മറുപടിക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം കഴിഞ്ഞ് 15 ദിവസത്തിനകം അന്തിമ മറുപടി നൽകണമെന്നും അതിന് കഴിയുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കണമെന്നുമാണ് ചട്ടം 47-ൽ പറഞ്ഞിട്ടുള്ളത്. ഇവിടെ കഴിഞ്ഞ സമ്മേളനത്തിലും അതിന് മുമ്പുള്ള സമ്മേളനത്തിലും ഈ നടപടിക്രമങ്ങളൊന്നും അനുസരിച്ചിട്ടില്ല. നമ്മുടെ മന്ത്രിമാരൊന്നും ഈ നിയമം ഉണ്ടാക്കിയത് അറിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ഞാനും ഈ വിഷയം കഴിഞ്ഞ സഭയിലും ഉന്നയിച്ചു. അതുമാത്രമല്ല ഈ വിഷയം സംബന്ധിച്ച് അങ്ങ് ശക്തമായ റൂളിംഗും നൽകിയിട്ടുണ്ടായിരുന്നു. വിവരാവകാശ നിയമമനുസരിച്ച് ഒരു പൗരൻ ആവശ്യപ്പെടുന്ന വിവരം മുപ്പത് ദിവസത്തിനകം അയാൾക്ക് ലഭ്യമാക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പ്രതിദിനം 250 രൂപ വീതം ഫൈൻ ഈടാക്കാമെന്ന നിയമവ്യവസ്ഥ നിലവിലുണ്ട്. 25000 രൂപ വരെ അങ്ങനെ ഫൈൻ ചെയ്യാവുന്നതാണ്. അങ്ങനെയുള്ളപ്പോൾ നിയമസഭാ അംഗങ്ങൾക്ക് മാസങ്ങൾക്കുശേഷവും വിവരം ലഭിക്കുന്നില്ലായെന്നുള്ളത് വളരെ ഖേദകരമാണ്. മന്ത്രിമാർക്ക് എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ട് എന്നാണ് ഇത് കാണിക്കുന്നത്. നിയമവും അനുസരിക്കുന്നില്ല. അങ്ങയുടെ റൂളിംഗും അനുസരിക്കുന്നില്ല. ഈ മന്ത്രിമാരെ എന്ത് ചെയ്യണമെന്ന് അങ്ങ് തീരുമാനിക്കണം. ഇത് സംബന്ധിച്ച് ശക്തമായ റൂളിംഗ് അങ്ങ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബഹുമാനപ്പെട്ട അംഗം ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായ ഒരു വിഷയമാണ്. അത് ഉറപ്പു വരുത്തേണ്ടത് നിയമസഭ തന്നെയാണ്. നിയമസഭയിൽ നിലവിലുള്ള റൂളുകൾ പലതും ഭേദഗതി ചെയ്തത് പലരും ഓർക്കുന്നില്ല. ഈ നിയമസഭ നിയോഗിച്ച ചട്ടങ്ങൾ പരിഷ്കരണ കമ്മിറ്റിയുടെ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 47(2) പ്രകാരം മറുപടി നൽകാതിരിക്കുകയോ ഇടക്കാല മറുപടി നൽകുകയോ ചെയ്ത നിയമസഭാ ചോദ്യങ്ങൾക്ക് പതിനഞ്ച് ദിവസത്തിനകം അന്തിമ മറുപടി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ബന്ധപ്പെട്ട മന്ത്രിമാർ ഒരു സ്റ്റേറ്റ്മെന്റായി മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കഴിഞ്ഞ

നിയമസഭയിലാണ് ആദ്യം അത് വരുന്നത്. ഇത് രണ്ടാമത്തെ സഭയാണ്. അതുകൊണ്ട് ഈ സഭ മുതൽ ആരംഭിക്കണം. പാർലമെന്ററി കാര്യ വകുപ്പ് ശക്തമായ നിർദ്ദേശം ബന്ധപ്പെട്ടവർക്കെല്ലാം ഒന്നിലധികം തവണ നൽകിയിട്ടുണ്ടെന്ന് ഞാൻ അങ്ങയേയും സഭയേയും അറിയിക്കുകയാണ്. നമുക്കത് ഉറപ്പുവരുത്താൻ സാധിക്കും.

VII റൂളിംഗ്

മി. സ്പീക്കർ : ഇത് സംബന്ധിച്ച് കഴിഞ്ഞ സഭയിൽത്തന്നെ ചെയർ റൂളിംഗ് നടത്തിയതാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇതിനുമുമ്പ് ഈ വിഷയം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ അതിന്റെ കാര്യങ്ങൾ പറഞ്ഞു. അന്ന് റൂളിംഗ് നൽകിയതിന്റെ ഫലമായി കഴിഞ്ഞ സഭയിൽ സഹകരണ വകുപ്പുമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും പൂർണ്ണമായി ഉത്തരം നൽകുകയുണ്ടായി. 16-ാം സമ്മേളനത്തിലും ഭക്ഷ്യവകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഉത്തരങ്ങൾ പൂർണ്ണമായി സഭയ്ക്ക് നൽകിയിട്ടുണ്ട്. പതിനേഴാം സഭയിൽ സഹകരണ വകുപ്പുമന്ത്രി മാത്രമാണ് പൂർണ്ണമായും ഉത്തരങ്ങൾ നൽകിയിട്ടുള്ളത്. തീർച്ചയായിട്ടും താൽക്കാലിക ഉത്തരം നൽകുന്നവർ റൂളിൽ പറയുന്നതുപോലെ പതിനഞ്ച് ദിവസത്തിനകം പൂർണ്ണമായി ഉത്തരം നൽകിയില്ലെങ്കിൽ അതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് പതിനഞ്ച് ദിവസം കഴിഞ്ഞാ തൊട്ടടുത്ത സമ്മേളനത്തിന്റെ ആരംഭത്തിലാ ഏതാണ് ആദ്യം വരുന്നത് ആ ദിവസം ബന്ധപ്പെട്ട മന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന പരാതിയെ തുടർന്ന് നിയോഗിച്ച നിയമസഭാ ചട്ട പരിഷ്കരണ സമിതിയുടെ ശിപാർശ പ്രകാരമാണ് പ്രസ്തുത വ്യവസ്ഥ നിയമസഭാ ചട്ടത്തിൽ ഉൾപ്പെടുത്തിയത്. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം നിരവധി തവണ ബഹുമാനപ്പെട്ട ആര്യാടൻ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥ കർശനമായി പാലിക്കണമെന്നും ഇത് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കേണ്ടതാണെന്നും ചെയർ 23-12-2010-ന് റൂളിംഗ് നൽകിയിരുന്നു. ഇത് സംബന്ധിച്ച് ഈ സെക്രട്ടേറിയറ്റിൽ നിന്നും ബന്ധപ്പെട്ട എല്ലാ മന്ത്രിമാരുടെ ഓഫീസുകളിലേക്കും കത്തുകളയച്ചിട്ടുണ്ട്. കൃത്യസമയത്ത് തന്നെ സ്റ്റേറ്റ്മെന്റ് വയ്ക്കണം. മറുപടി നീണ്ടുപോകുന്നു എന്ന് പറഞ്ഞതിനോട് പോസിറ്റീവായിട്ട് പ്രതികരിച്ച മന്ത്രിമാരുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ച്, പതിനാറ് സമ്മേളനങ്ങളിൽ നോട്ടീസ് നൽകിയ ചോദ്യങ്ങൾക്ക് ഇനിയും മറുപടി നൽകാത്തവർ ആയതിനുള്ള കാരണം കാണിക്കുന്നതിനുള്ള സ്റ്റേറ്റ്മെന്റ് നിയമസഭാ നടപടി ചട്ടം 47(2) അനുശാസിക്കും പ്രകാരം ഈ സമ്മേളനം അവസാനിക്കും മുൻപ് സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly